താൽക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

1829 [2864] ശ്രീ. മണിമംഗലത്ത് കുട്ട്യാലി:
,, കെ. രാഘവൻ മാസ്റ്റർ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, പന്തളം സുധാകരൻ:
,, ജോസ് കുറ്റിയാനി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വിദ്യാലയങ്ങൾ താൽക്കാലിക ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്നു;

(ബി) അവയിൽ ഹൈസ്കൂൾ, യു. പി. സ്കൂൾ, എൽ. പി. സ്കൂൾ എന്നിവ എത്ര വീതം?

ഉത്തരം

(എ) 810.

(ബി) ഹൈസ്കൂൾ : 320, യു. പി. സ്കൂൾ : 190, എൽ. പി. സ്കൂൾ : 300.

പോളിടെക്നിക്കുകൾ

1830 [2866] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര പോളിടെക്നിക്കുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) സഹകാര്യമേഖലയിൽ എത്ര; പൊതുമേഖലയിൽ എത്ര?

ഉത്തരം

(എ, ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നാലു പോളിടെക്നിക്കുകളും ഒരു വനിതാ പോളിടെക്നിക്കും ആരംഭിച്ചിട്ടുണ്ട്. ഇവ എല്ലാം പൊതുമേഖലയിൽ ആണ്.

സംസ്ഥാനത്തെ ടീച്ചേഴ്സ് ട്രെയിനിംഗ് സെൻറുകളിലെ സീറ്റു വർദ്ധനവ്

1831 [2867] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ടീച്ചേഴ്സ് ട്രെയിനിംഗ് സെൻറുകളിൽ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനു സ്വീകരിച്ച മാനദണ്ഡം എന്താണ്;

(സി) വർദ്ധിപ്പിച്ച സീറ്റുകളിൽ അഡ്മിഷൻ നടത്താൻ സ്വീകരിച്ചിരിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly